**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 614** **28-06-2022 - ൽ മറുപടിയ്ക്ക്**

**ഇംഗ്ലീഷ് ഇന്ത്യൻ ക്ലേയ്സ് എന്ന സ്ഥാപനം തുറന്ന് പ്രവർത്തിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിലെ വേളിയിലുള്ള ഇംഗ്ലീഷ് ഇന്ത്യൻ ക്ലേയ്സ് എന്ന സ്ഥാപനം അസംസ്കൃത വസ്തുക്കളുടെ ക്ഷാമത്താൽ പൂട്ടിപ്പോയ വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇത് തുറന്ന് പ്രവർത്തിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ബഹു.തൊഴിൽ വകുപ്പ് മന്ത്രി തലത്തിലും ലേബർ കമ്മീഷണർ മുഖേനയും നിരവധി ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇ.ഐ.സി.എൽ തൊഴിലാളികളുടെ ലേ-ഓഫ് കോമ്പൻസേഷൻ 11/03/2022 തീയതിയിലെ G.O.(Rt)No.302/2022/LBR നമ്പർ ഉത്തരവ് പ്രകാരം കൊല്ലം ലേബർ കോടതിയിലേയ്ക്ക് റഫർ ചെയ്തു കൊണ്ട് ഉത്തരവായിട്ടുണ്ട്. ഇ.ഐ.സി.എൽ വേളി, തോന്നയ്ക്കൽ ഫാക്ടറികളിലെ തൊഴിലാളികൾക്ക് വേണ്ടി തൊഴിൽ വകുപ്പുമായി മാനേജ്മെന്റ് ഒപ്പുവെച്ച<br><br>ത്രികക്ഷി കരാർ കാലാവധി കഴിഞ്ഞിട്ടും നടപ്പിലാക്കാത്ത മാനേജ്മെന്റിനെതിരെ ലേബർ കമ്മീഷണർ മുഖാന്തിരം ഷോക്കോസ് നോട്ടീസ് നൽകുകയും Long term Settlement-ൽ പറഞ്ഞിരിക്കുന്ന എല്ലാ നിബന്ധനകളും പാലിക്കണമെന്നും അല്ലെങ്കിൽ 1947-ലെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് സെക്ഷൻ 29 പ്രകാരം പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുമെന്ന് അറിയിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ പ്രോസിക്യൂഷൻ നടപടികളും കൂടാതെ സെക്ഷൻ 33 സി(1)പ്രകാരം റവന്യൂ റിക്കവറി നടത്തുന്നതിനുള്ള നടപടിയും സ്വീകരിച്ച് വരുന്നു.<br><br>കൂടാതെ 1947-ലെ വ്യവസായ തർക്ക നിയമത്തിലെ സെക്ഷൻ 33 (എ) യുടെ ലംഘനം ചൂണ്ടിക്കാട്ടി വകുപ്പ് 33 (എ) പ്രകാരം ടി വിഷയം 13/06/2022 തീയതിയിലെ G.O.(Rt)No.655/2022/LBR നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ബഹു.കൊല്ലം ലേബർ കോടതിയുടെ പരിഗണനയ്ക്കായി അയച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ